"ഭരണഭാഷ- മാതൃഭാഷ"
പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 695 033
ഫോൺ : 0471 2737245, 2737246
Email:-sc.directorate@gmail.com

---

നമ്പർ.SCDD/6033/2022-B2 (DEV B) തീയതി:26-10-2022

ഡയറക്ടർ

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

സർ,

വിഷയം : പട്ടികജാതി വികസനം - SAFE പദ്ധതി- നടപ്പിലാക്കുന്നതിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പദ്ധതി മാർഗരേഖ നൽകുന്നത് സംബന്ധിച്ച്

സൂചന : 1. സ.ഉ (സാധാ) നം.990/2022/SCSTDD തീയതി 27/09/2022
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18/10/22 ലെ മേൽ നമ്പർ ഉത്തരവ്

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ഭവന നവീകരണത്തിനായി സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം SAFE പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ഉത്തരവ് നൽകിയിരുന്നു. പദ്ധതി നിർവഹണത്തിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് അറിയിക്കുന്നു.

## SAFE പദ്ധതി - മാർഗരേഖ

- SAFE പദ്ധതിയിൽ സർക്കാർ വകുപ്പുകൾ മുഖേന ഭവന നിർമ്മാണധനസഹായം ലഭിച്ചവരെയും സ്വന്തം നിലയിൽ ഭവനം നിർമ്മിച്ചവരെയും പരിഗണിക്കുന്നതാണ്.
  സർക്കാർ ധനസഹായം വഴി വീട് നിർമ്മിച്ചവർ അവസാന ഗഡു കൈപ്പറ്റിയത് 2010 ഏപ്രിൽ 1 ന് ശേഷം ആയിരിക്കണം. എന്നാൽ മൂന്നാം ഗഡു കൈപ്പറ്റിയിട്ടും മേൽക്കൂര കൃത്യമായി പൂർത്തിയാകാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും അപേക്ഷിക്കാവുന്നതാണ്.. ഇപ്രകാരമുള്ളവർ മൂന്നാം ഗഡു കൈപ്പറ്റിയത് 2010 ഏപ്രിൽ 1 ന് ശേഷം ആയിരിക്കണം.
  ഈ വിഭാഗം ഗുണഭോക്താക്കൾ ആദ്യ രണ്ട് ഗഡുക്കൾ ഉപയോഗപ്പെടുത്തി മേൽക്കൂര കോൺക്രീറ്റ് ചെയ്യേണ്ടതാണ്. അതിനു ശേഷം ടിയാളുകൾക്ക് ഭവന നിർമ്മാണധനസഹായം നാലാം ഗഡു നൽകാവുന്നതാണ്. തുടർന്ന് സേഫ് പദ്ധതിപ്രകാരമുള്ള മറ്റ് പ്രധാന പ്രവൃത്തികൾ ചെയ്യേണ്ടതുമാണ്. ആയതിനു ശേഷം സേഫ് പദ്ധതിയുടെ അവസാന ഗഡു ലഭിക്കുന്നതാണ്.

- 27/09/2017 ന് ശേഷം ഭവന പുനരുദ്ധാരണത്തിനോ (വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി ഉൾപ്പെടെ) ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം കിട്ടിയവരെ

പരിഗണിക്കേണ്ടതില്ല. സ്വന്തം നിലയിൽ ഭവന നിർമ്മാണം നടത്തിയവർക്ക് ഇത് ബാധകമല്ല മേൽ തിയതി കണക്കാക്കാതെ അവരുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്

- 27/09/2017 ന് ശേഷം ഭവന നിർമ്മാണത്തിന്റെ ഏതെങ്കിലും ഗഡുക്കൾ കിട്ടിയവരെ പരിഗണിക്കേണ്ടതില്ല.

  (2018 ലെ പ്രളയദുരിതാശ്വാസമായി പട്ടികജാതി വികസന വകുപ്പിൽ നിന്നോ, റവന്യൂ വകുപ്പിൽ നിന്നോ 5000 / 10,000 രൂപ ധനസഹായം ലഭിച്ചവരെ ഒഴിവാക്കേണ്ടതില്ല.)
- **പഠനമുറി പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവരെ പരിഗണിക്കാവുന്നതാണ്.** എന്നാൽ പഠനമുറി അനുവദിച്ചിട്ടില്ലാത്ത കുടുംബത്തിന് മുൻഗണന മാനദണ്ഡപ്രകാരം ഒരു മാർക്ക് കൂടുതലായി ലഭിക്കും.
- 2010 ഏപ്രിൽ 1 ന് ശേഷം സ്വന്തമായി ഭവന നിർമ്മാണം നടത്തിയവരെ കാലപ്പഴക്കം തെളിയിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ/അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.
- മിശ്രവിവാഹ ദമ്പതികളിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തിയോട് അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെടുക. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/കൈവശാവകാശ സർട്ടിഫിക്കറ്റ് പങ്കാളികളിൽ ഇതര ജാതിയിൽ ഉൾപ്പെട്ട വ്യക്തിയുടേത് ആണെങ്കിലും പരിഗണിക്കാവുന്നതാണ്.
- നിലവിൽ നടപ്പിലാക്കിയിരുന്ന ഭവന പൂർത്തീകരണ പദ്ധതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ സർട്ടിഫിക്കറ്റുകൾ SAFE പദ്ധതിക്ക് പരിഗണിച്ച് കൊണ്ട് പുതിയ അപേക്ഷാ ഫോം മാത്രം ഗുണഭോക്താക്കളിൽ നിന്ന് വാങ്ങുക. ടി അപേക്ഷകൾ മാനദണ്ഡ പ്രകാരം ധനസഹായത്തിന് തെരഞ്ഞെടുക്കുകയാണെങ്കിൽ മാത്രം കാലഹരണപ്പെട്ട സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയ സർട്ടിഫിക്കറ്റുകൾ വാങ്ങിയാൽ മതിയാകും.
- ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് മതിയാകും. വീട്ടുനമ്പർ ഇല്ലാത്തവരുടെയും അപേക്ഷകൾ പരിഗണിക്കേണ്ടതാണ്

## മറ്റു പൊതു നിർദ്ദേശങ്ങൾ

**അപേക്ഷകൾ സ്വീകരിക്കുന്നതും പരിശോധിക്കുന്നതും തികച്ചും മാന്യമായും മാനുഷിക പരിഗണനയോടെയുമാകണം.** നിസ്സാരമായ കാര്യങ്ങൾ പറഞ്ഞു അപേക്ഷ സ്വീകരിക്കാതെ അപേക്ഷകരെ തിരികെ അയക്കാൻ പാടില്ല. അപേക്ഷകൾ സ്വീകരിക്കുകയും അവയിലെ പോരായ്മകൾ പറഞ്ഞു കൊടുത്ത് അവ കൊണ്ടുവരുന്നതിന് കുറവുള്ള രേഖകൾ എഴുതി നൽകേണ്ടതാണ്. ബന്ധപ്പെട്ട പ്രൊമോട്ടർമാർ ഇത്തരത്തിൽ കുറവുകളുള്ള രേഖകൾ യഥാസമയം ലഭിക്കുന്നതിന് കൃത്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ലഭ്യമാകുന്ന അപേക്ഷകൾ, ലഭ്യമായ തിയതിക്കനുസൃതമായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ് ; രജിസ്റ്ററിൽ അപേക്ഷയോടൊപ്പമുള്ള രേഖകളുടെ വിവരങ്ങളും ചേർക്കണം.

അപേക്ഷകന്റെ ഫോൺ നമ്പർ കൃത്യമായി അപേക്ഷ ഫോറത്തിൽ ഉണ്ടെന്ന് അപേക്ഷ കൈപ്പറ്റുന്ന വ്യക്തി ഉറപ്പാക്കുക.

അപേക്ഷ ഫോറം കൃത്യമായി പൂരിപ്പിക്കുന്നതിനു അക്രഡിറ്റഡ് എൻജിനീയർ, പ്രൊമോട്ടർ എന്നിവർ അപേക്ഷകർക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്.

ലഭ്യമായ അപേക്ഷകൾ തദ്ദേശസ്ഥാപനം തിരിച്ച് സൂക്ഷിക്കേണ്ടതാണ്

**അപേക്ഷ സ്വീകരിക്കേണ്ട അവസാന തിയതി** - നവംബർ 5

തുടർന്ന് ഓരോ തദ്ദേശസ്ഥാപനത്തിലെയും മുഴുവൻ അപേക്ഷകളും അർഹത മാനദണ്ഡങ്ങൾ പ്രകാരം തരം തിരിക്കേണ്ടതാണ്. അർഹതയില്ലാത്ത അപേക്ഷകൾ ഒഴിവാക്കാവുന്നതാണ്. എന്നാൽ ടി വിവരം രജിസ്റ്ററിലെ റിമാർക്ക് കോളത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

അർഹതയുള്ള അപേക്ഷകളെല്ലാം തദ്ദേശ സ്ഥാപനം തിരിച്ച് പ്രാഥമിക പട്ടികയാക്കി ഫീൽഡ് പരിശോധനക്കായി സജ്ജമാക്കേണ്ടതാണ്.

2022

അക്രഡിറ്റഡ് എൻജിനീയർമാർ ഓരോ വീടും പ്രൊമോട്ടറുടെ സഹായത്തോടെ സന്ദർശിച്ച് കൃത്യമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ആവശ്യമായ പ്രവൃത്തികൾ സർക്കാർ ഉത്തരവിൽ പറയുന്ന നിർമ്മാണഘടകങ്ങളെ അടിസ്ഥാനമാക്കി അതിനുള്ള എസ്റ്റിമേറ്റ് സഹിതം SCDO ക്ക് നൽകേണ്ടതാണ് .
**നവംബർ 25 നുള്ളിൽ പരിശോധന പൂർത്തിയാക്കേണ്ടതാണ്.**

അർഹതയുള്ള അപേക്ഷകൾ SCDO പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി വരെ കാത്തിരിക്കാതെ പരിശോധന ആരംഭിക്കാവുന്നതാണ്. എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതില്ല.
നവംബർ 25 ന് ലഭ്യമായ പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്.

- മേൽക്കൂര, ശുചിത്വ ടോയ്‌ലറ്റ് എന്നിവ ഇല്ലാത്ത കുടുംബങ്ങളെ ആദ്യമേ തന്നെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവർക്ക് ആവശ്യമായ മറ്റ് നിർമ്മാണഘടകങ്ങളും ഉൾപ്പെടുത്തി വേണം തുക അനുവദിക്കേണ്ടത്. ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് പരമാവധി 40000 രൂപ അനുവദിക്കാവുന്നതാണ്. അതോടൊപ്പം ചെയ്യുന്ന മറ്റ് പ്രവൃത്തികളും എസ്റ്റിമേറ്റിൽ വ്യക്തമായി കാണിക്കേണ്ടതാണ്.
- ശേഷിക്കുന്ന അപേക്ഷകൾ 2010 മുതൽ വർഷം അടിസ്ഥാനമാക്കി തരം തിരിച്ച് ഓരോ വർഷത്തെയും അപേക്ഷകൾ അനുബന്ധ രേഖകൾ, പരിശോധന റിപ്പോർട്ട് എന്നിവ വിലയിരുത്തി സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണന മാനദണ്ഡങ്ങൾക്കനുസൃതമായി ഓരോ അപേക്ഷകർക്കും ലഭിക്കുന്ന മാർക്ക് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
  2010 ലെ അപേക്ഷകൾ പരിഗണിച്ച ശേഷമാണ് 2011 ലെ അപേക്ഷകൾ മാർക്കിനായി പരിഗണിക്കേണ്ടത്.
  മുൻഗണനാഘടകങ്ങൾ SCDO കൃത്യമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഏറ്റവും അർഹതയുള്ളവർക്കാണ് ഏറ്റവും ആദ്യം ധനസഹായം ലഭിക്കുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.
  നവംബർ 30 നുള്ളിൽ അന്തിമ പട്ടിക തയ്യാറാക്കി ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ മേൽക്കൂര ഇല്ലാത്ത അപേക്ഷകർക്ക് മാർക്ക് നിബന്ധന ഇല്ലാത്തതിനാൽ അവ ആദ്യ ലിസ്റ്റായി നേരത്തെ സമർപ്പിക്കാവുന്നതാണ്.
  അന്തിമ പട്ടികക്ക് ജില്ലാ ഓഫീസറുടെ അംഗീകാരം ലഭിച്ചാൽ ഡിസംബർ 10 നുള്ളിൽ SCDO എല്ലാ ഗുണഭോക്താക്കളുടെയും യോഗം സംഘടിപ്പിച്ച് പദ്ധതി വിശദീകരണം നൽകേണ്ടതും കരാർ ഒപ്പുവെക്കേണ്ടതുമാണ്. വിശദീകരണ യോഗത്തിൽ ബ്ലോക്ക്/നഗരസഭാ അധ്യക്ഷനെയും മറ്റ് ജനപ്രതിനിധികളെയും ക്ഷണിക്കാവുന്നതാണ്.
- **ബാങ്ക് പാസ് ബുക്ക് പരിശോധിച്ച് അക്കൗണ്ട് നമ്പർ കൃത്യമാണെന്നും സീറോ ബാലൻസ് അക്കൗണ്ട് അല്ലെന്നും ഉറപ്പാക്കേണ്ടതാണ് .**
  ബിൽ മാറി നൽകിയതിന് ശേഷം അക്കൗണ്ടിൽ തുക ക്രെഡിറ്റായിട്ടുള്ള വിവരം ഗുണഭോക്താവിനെ അറിയിക്കേണ്ടതാണ്.
  ഓരോ ഗുണഭോക്താവിനും നിർമ്മാണ കലണ്ടർ അക്രഡിറ്റഡ് എൻജിനീയർ തയ്യാറാക്കി അതുപ്രകാരം പണികൾ നടക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
  സേഫ് പദ്ധതി മാർഗരേഖ പ്രകാരം കുറ്റമറ്റ രീതിയിൽ നിർവഹിക്കപ്പെടുന്നുവെന്ന് ജില്ലാ ഓഫീസർമാർ കൃത്യമായ മേൽനോട്ടം വഴി ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (വികസനം)